## തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാന ഓഫീസിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവ് നികത്തലും സ്ഥലംമാറ്റം നടത്തുന്നത് - സംബന്ധിച്ച്.

സൂചന :

1. ശ്രീമതി.അനില.എ.എം 09.07.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
2. ശ്രീമതി കെ.എൻ. കുമാരി, 13.06.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 27.11.2018 ലെ ഇ2-26371/2018-ാം നമ്പർ ഉത്തരവ്.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ 19.06.2019-ലെ ഇ2-4047/2014-ാം നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-4047/2014 തീയതി : 19/08/2019**

വനം വകുപ്പിൽ എറണാകുളം ലെയ്സൺ ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ജി. പ്രമീളാകുമാരി, 31.07.2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അനില എ.എം. സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പാലക്കാട് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.കെ.എൻ. കുമാരി, കോട്ടയം, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അനില.എ.എം നെ എറണാകുളം ഫോറസ്റ്റ് ലെയ്സൺ

ഓഫീസിലേക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.കെ.എൻ. കുമാരിയെ കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഓഫീസിലേക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ പറഞ്ഞ സ്ഥലംമാറ്റം മൂലം പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസറുടെ ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേക്ക് സൂചന (3) പ്രകാരം പ്രസിദ്ധികരിച്ച സീനിയോറിറ്റി ലിസ്റ്റിൽ അടുത്തതായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹത നേടിയിട്ടുള്ളത് താഴെ പറയുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആണെന്നു കാണുന്നു

| ക്രമ നമ്പർ | അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിഭാഗത്തിലെ ക്രമ നമ്പർ | പേര് | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | 06 | പി. പി. ജലജ | O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ (സൗത്ത് ) |

മേൽ സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.പി.പി.ജലജ 30,700 – 65,400 രൂപ ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി പാലക്കാട് (ഈസ്റ്റേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിലവിൽ വന്ന ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾക്ക് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള ശമ്പളനിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. വ്യക്തിക്ക് മേലധികാരി മുഖേന.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിലേക്ക്.

3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) ന് വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്.
4. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, അറിവിലേക്കായി.
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ. സൗത്ത്
6. സ്റ്റോക്ക് ഫയൽ.